(ഡി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ താഴെപ്പറയുന്ന പ്രഖ്യാപനങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്.

1. പ്രവാസികളുടെ സ്വത്തുക്കളും സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അർദ്ധനീതിന്യായ അധികാരമുള്ള എൻ.ആർ.ഐ. കമ്മീഷൻ രൂപീകരിക്കും

2. പ്രൊഫഷണൽ മേഖലകളിൽ തൊഴിൽ പരിചയമുള്ള, എന്നാൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവരുമായ പ്രവാസികൾക്ക് തന്നു മേഖലകളിൽ നൈപുണ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കും.

3. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ കുറിച്ച് പ്രവാസികളുടെ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി പ്രവാസി എഡ്യൂക്കേഷൻ സെൽ രൂപീകരിക്കും.

4. കേരളത്തിലെ വിമാനത്താവളങ്ങളെ ഇന്റർനാഷണൽ എയർപോർട്ട് ഹബ്ബിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടും.

5. പ്രവാസികൾക്കായി നയങ്ങൾ, പദ്ധതികൾ, പ്രോജക്ടുകൾ എന്നിവ രൂപം നൽകുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നോർക്ക അഡ്വൈസറി ബോർഡ് രൂപീകരിക്കും.

6. വിവിധ രാജ്യങ്ങളിൽ വിവിധ മേഖലകളിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ മാനവവിഭവശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കും.

7. സംസ്ഥാന വികസനത്തിന് പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കും. ഈ പ്രഖ്യാപനങ്ങളിന്മേൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ

8 (*278) ശ്രീ. വി. ശശി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആസൂത്രണ കമ്മീഷന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ബ്ലോക്കുകളെ പിന്നോക്ക ബ്ലോക്കുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എല്ലാ ബ്ലോക്കുകളിലും നിലനിറുത്തുന്നതിന് എന്ത നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 3-1-2014-ൽ നിയമത്തിന്റെ പട്ടിക I, II എന്നിവ ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിന്റെ സംഗ്രഹം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ 22 ബ്ലോക്കുകൾ പിന്നോക്ക ബ്ലോക്കുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും കേന്ദ്രസർക്കാർ അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം നടന്നുവരികയാണ്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ള 22 പിന്നോക്ക ബ്ലോക്കുകളുൾപ്പെടെ 50 ബ്ലോക്കുകളിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ച തീവ്രപങ്കാളിത്ത ആസൂത്രണ പ്രക്രിയയുടെ രീതി ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലും മറ്റ് 102 ബ്ലോക്കുകളിൽ 24-7-2013-ലെ 47159/ഡിഡി2/2013/ത.സ്വ.ഭ.വ. നമ്പർ സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള ആസൂത്രണ പ്രക്രിയ വഴിയും (അയൽക്കൂട്ടതലം മുതൽ ജില്ലാപഞ്ചായത്ത് തലം വരെ ചർച്ച ചെയ്ത്) 2015-16 വർഷത്തെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കുകയും 709 ലക്ഷം തൊഴിൽ ദിനങ്ങൾ 2015-16 സാമ്പത്തിക വർഷം സൃഷ്ടിക്കുന്നതിനുള്ള പ്രസ്തുത ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാരിന്റെ-എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ജെൻഡർ പാർക്കുകൾ

9 (*279) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെ സർവ്വതോൻമുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly